53 (2431) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ നിയമനം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) ജീവനക്കാരെ നിയമിക്കുമ്പോൾ നിയമാനുസൃതമായ സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ നിലവിലുള്ള സംവിധാനം വിശദീകരിക്കുമോ;

(ഡി) ഈരാറ്റുപേട്ട, കടുത്തുരുത്തി എക്സ്റ്റൻഷൻ സെന്ററിലും കോട്ടയം, തൊടുപുഴ സബ്സെന്ററിലും കരാർ അടിസ്ഥാനത്തിലും ദിവസക്കൂലിയിലും ജോലി ചെയ്യുന്നവരെ നിയമിച്ചപ്പോൾ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര പട്ടികജാതിക്കാരുണ്ടെന്നും എത്ര പട്ടികവർഗ്ഗക്കാരുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരം ഒഴിവുകൾ ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തി യോഗ്യരായവരുടെ അപേക്ഷ സ്വീകരിച്ച് ആവശ്യമെന്നു കണ്ടാൽ ടെസ്റ്റോ ഇന്റർവ്യൂവോ അല്ലെങ്കിൽ രണ്ടും കൂടിയോ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമനം നടത്തുന്നത്. ജോലിയുടെ സ്വഭാവം അനുസരിച്ച് താൽക്കാലിക നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നടത്തുന്നുണ്ട്.

(ബി)&(സി) സംവരണതത്വം പാലിച്ചുതന്നെയാണ് സ്ഥിര നിയമനങ്ങൾ നടത്തുന്നത്.

(ഡി)&(ഇ) സ്ഥിര നിയമനത്തിൽ മാത്രമേ സംവരണതത്വം പാലിക്കാറുള്ളൂ. താൽക്കാലിക നിയമനം ലഭിച്ചവരിൽ ഈ സെന്ററുകളിൽ പട്ടികജാതിയിൽപ്പെട്ട 5 പേർ ജോലി ചെയ്തുവരുന്നു.

54 (2432) അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഓരോ കാറ്റഗറിയിലുമുള്ള അദ്ധ്യാപകർക്ക് നിശ്ച യിച്ചിട്ടുള്ള വേതനം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വിശ ദീകരിക്കുമോ;

(സി) അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിശ്ചിത തോതിൽ ശമ്പളം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താറുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം;

(ഡി) ഇല്ലെങ്കിൽ ഓരോ മാസവും ബന്ധപ്പെട്ട അൺ എയിഡഡ് സ്കൂളിന്റെ മാനേജർ അവിടെ ജോലിക്കാർക്കെല്ലാം നിശ്ചിത തോതിലുള്ള ശമ്പളം നൽകിയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട ഡി.ഇ.ഒ.ക്ക് അയ യ്ക്കുവാൻ നിർദ്ദേശം നൽകുമോ;

(ഇ) അൺ എയിഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകു ന്നതു സംബന്ധിച്ച് ഈയിടെ ഹൈക്കോടതി എന്തെങ്കിലും വിധി പ്രസ്താവി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം നൽകുമോ;

(എഫ്) ഈ വിധിയിലെ നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) സേവന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. വേതന വ്യവ സ്ഥകൾ നിർണ്ണയിച്ചിട്ടില്ല.

(സി) ഇപ്പോൾ ഇതിന് സംവിധാനമില്ല.

(ഡി) അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിശോധിച്ചു വരികയാണ്. അതിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഇക്കാര്യവും പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്. അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നിർണ്ണയിക്കണമെന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എഎ നടപ്പാക്കുന്നതിനും നിർദ്ദേശം നൽകണമെന്നും ഒ.പി.8063/88 എന്ന കേസ്സിൽ ഹൈക്കോടതി വിധിയായിട്ടുണ്ട്.

(എഫ്) പരിശോധിച്ചു വരുന്നു.

55 (2433) എയിഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസോ സിയേഷൻ നൽകിയ നിവേദനം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള എയിഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസോസി യേഷൻ വിവിധ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ച് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾ അംഗീകരിക്കാനാണ് സർക്കാർ തീരു മാനിച്ചിട്ടുള്ളതെന്നും ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശം എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly